**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 334** **29-01-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷൻ മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2023 ജൂലൈ 30-ന് മുമ്പായി ക്ഷേമ പെൻഷൻ മസ്റ്ററിംഗ് നടത്താനാകാത്തവർക്ക് ഡിസംബറിൽ മസ്റ്ററിംഗിന് അവസരം നൽകിയത് പ്രകാരം മസ്റ്ററിംഗ് നടത്തിയവർക്ക് മുൻ മാസങ്ങളിലെ അർഹതപ്പെട്ട പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വാർഷിക മസ്റ്ററിംഗിനായി സമയം അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത സമയപരിധി 2023 ജൂലൈ 31 വരെ നീട്ടിനൽകുകയും തുടർന്ന് 2023 ആഗസ്റ്റ് 31 വരെ അന്തിമമായി ദീർഘിപ്പിച്ച് നൽകിയും ഉത്തരവായിരുന്നു. ആയതിനു ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപ്റ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു.<br><br>28.03.2023-ലെ സ.ഉ.(കൈ)നം.58/2023/ധന. ഖണ്ഡിക 2 (vi), (vii) എന്നിവ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തീകരിക്കാത്തവർക്ക് തുടർന്ന് എല്ലാ മാസവും 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. എന്നാൽ അവർക്ക് മസ്റ്ററിംഗ് നടത്തുന്ന മാസം മുതൽക്കുള്ള പെൻഷൻ മാത്രമേ നിലവിൽ ലഭിക്കുകയുള്ളൂ. മസ്റ്ററിംഗ് ചെയ്യാത്ത കാലയളവിലെ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. യഥാസമയം മസ്റ്ററിംഗ് ചെയ്യാത്തതിനാൽ കുടിശ്ശികയാകുന്ന പെൻഷന് 07.10.2022-ലെ സ.ഉ.(എം.എസ്) നം.174/2022/ധന ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ ബാധകമായിരിക്കും. പ്രസ്തുത ഉത്തരവ് പ്രകാരം മസ്റ്ററിംഗ് ചെയ്യുന്നതിൽ വന്ന കാലതാമസം ഉൾപ്പടെ വിവിധ കാരണങ്ങളാൽ പെൻഷൻ കുടിശ്ശികയായ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ കുടിശ്ശിക വ്യക്തിഗതമായി അനുവദിക്കാൻ കഴിയില്ലായെന്നും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി |

| | | | |
|---|---|---|---|
| | | | വിലയിരുത്തി കുടിശ്ശിക വിതരണത്തിനായി സർക്കാർ ഫണ്ട് കണ്ടെത്തി ആയത് അനുവദിക്കുമ്പോൾ മാത്രമേ ഗുണഭോക്താക്കൾക്ക് പെൻഷൻ കുടിശ്ശിക ലഭ്യമാകുകയുള്ളൂ എന്നും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ